2023
MARCH
14
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

## വായുവിലെ രാസമലിനീകരണം കൂടി

# ആസിഡ് മഴയ്ക്ക് സാധ്യത: 4 ജില്ലകളിൽ ജാഗ്രത



**കൊച്ചി :** വായുവിലെ രാസമലിനീകരണത്തോത് വർധിച്ചതോടെ ഈ വർഷത്തെ ആദ്യ വേനൽമഴയിൽ രാസപദാർഥങ്ങളുടെ അളവ് വളരെ കൂടുതലായിരിക്കുമെന്ന് ഉറപ്പായി. 2022 ഓഗസ്റ്റ് മുതലാണ് കൊച്ചിയിലെ വായുവിന്റെ ഗുണനിലവാരം കുറഞ്ഞതെന്നു കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ (സിപിസിബി) വായു ഗുണനിലവാര സൂചിക വ്യക്തമാക്കുന്നു. !ഡിസംബറിനു ശേഷം വളരെ മോശമായി.

രാസബാഷ്പ സൂക്ഷ്മകണികകളുടെ അളവ് 300 പോയിന്റ് (ലോകാരോഗ്യ സംഘടന അനുവദിച്ച അളവ് 50 പോയിന്റ്) കടന്നു നിൽക്കുമ്പോഴാണു ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ തീപിടിത്തമുണ്ടായത്. ഇതോടെ കൊച്ചി വറചട്ടിയിൽനിന്ന് എരിതീയിലേക്കു വീണു. വായുവിലെ രാസമലിനീകരണം ആലപ്പുഴ, കോട്ടയം, തൃശൂർ ജില്ലകളിലേക്കും വ്യാപിച്ചു.

ബ്രഹ്മപുരം തീപിടിത്തത്തിനു ശേഷം രാസബാഷ്പ കണികകൾക്കു പുറമേ സൾഫേറ്റ്, നൈട്രേറ്റ്, ക്ലോറൈഡ്, കാർബൺ എന്നിവയുടെ സാന്നിധ്യം കൂടുതലുള്ള പിഎം10 കരിമാലിന്യത്തിന്റെ അളവും വർധിച്ചു. അന്തരീക്ഷത്തിലെ നൈട്രജൻ ഡയോക്സൈഡ് (ചഛ2), സൾഫർ ഡയോക്സൈഡ് (ടഛ2) എന്നിവയുടെ അളവും വർധിക്കുന്നതായി സിപിസിബി രാസമാപിനികൾ നൽകുന്ന ഡേറ്റയിലുണ്ട്. ഇതോടെ ആദ്യ വേനൽമഴയിൽ സൾഫ്യൂറിക് ആസിഡ്, നൈട്രിക് ആസിഡ് എന്നിവയുടെ അളവു വർധിക്കാൻ സാധ്യതയുണ്ടെന്നു പരിസ്ഥിതിശാസ്ത്രജ്ഞർ മുന്നറിയിപ്പു നൽകുന്നു.

ആദ്യ വേനൽമഴയിലെ അമ്ലസാന്നിധ്യം ജീവജാലങ്ങളെയും കൃഷിയെയും പ്രതികൂലമായി ബാധിക്കാൻ സാധ്യത കൂടുതലാണ്. എറണാകുളത്തെയും സമീപ ജില്ലകളിലെയും ശുദ്ധജല സ്രോതസ്സുകളെയും ജലാശയങ്ങളിലെ മത്സ്യസമ്പത്തിനെയും പുതുമഴ പ്രതികൂലമായി ബാധിച്ചേക്കാം. ജാഗ്രത പുലർത്തിയില്ലെങ്കിൽ മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും തൊലിപ്പുറത്ത് തടിപ്പും ചൊറിച്ചിലും അടക്കമുള്ള ത്വക്‌രോഗങ്ങൾക്കു സാധ്യതയുണ്ടെന്നും പരിസ്ഥിതി ശാസ്ത്രജ്ഞർ പറയുന്നു.

## ആവശ്യക്കാർ കുറയുന്നു: ഭവന വായ്പാ പലിശ കുറയ്ക്കാൻ ബാങ്കുകൾ

ഭവന വായ്പയ്ക്ക് ആവശ്യക്കാർ കുറഞ്ഞതോടെ ബാങ്കുകളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും പലിശ കുറയ്ക്കുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാനമായതോടെ ഉപഭോക്താക്കളെ ആകർഷിക്കാനാണ് പ്രത്യേക നിരക്കിൽ വായ്പ വാഗ്ദാനം ചെയ്യുന്നത്.

ഉയർന്ന ക്രെഡിറ്റ് സ്കോർ(750ന് മുകളിൽ)ഉള്ളവർക്ക് 8.5ശതമാനം നിരക്കിലാണ് എസ്.ബി.ഐ ഭവന വായ്പ നൽകുന്നത്. ഹൗസിങ് ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ(എച്ച്ഡിഎഫ്സി)ആകട്ടെ 8.7ശതമാനമാണ് പലിശ ഈടാക്കുന്നത്. ബാങ്ക് ഓഫ് ബറോഡ ഭവന വായ്പാ പലിശ നിരക്കിൽ 40 ബേസിസ് പോയന്റിന്റെ കുറവ് പ്രഖ്യാപിച്ചിട്ടുണ്ട്. 8.5ശതമാനം നിരക്കിൽ വായ്പ ലഭിക്കും. പ്രൊസസിങ് ഫീസ് ഒഴിവാക്കിയിട്ടുമുണ്ട്.

പലിശ ഉയരുകയും മത്സരം വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കൂടുതൽ പേരെ ആകർഷിക്കാൻ നിരക്ക് കുറയ്ക്കൽ സഹായകരമാകുമെന്നാണ് ധനകാര്യ സ്ഥാപനങ്ങളുടെ കണക്കുകൂട്ടൽ.

2022 മെയ് മാസത്തിനു ശേഷം ഘട്ടംഘട്ടമായി ആർബിഐ റിപ്പോ നിരക്ക് 2.50 ശതമാനമാണ് കൂട്ടിയത്. 6.50ശതമാനമായിരുന്ന ഭവന വായ്പാ പലിശ ഇതോടെ ഒമ്പത് ശതമാനത്തിലേറെയായി. വായ്പാ പലിശ കൂടുന്ന സാഹചര്യത്തിൽ, നികുതിയിളവുകൂടി പരിഗണിച്ച് ലോണെടുക്കുന്നവരുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്.

ഭവന വായ്പാ ഡിമാൻഡിലെ കുറവ് റിയൽ എസ്റ്റേറ്റ് മേഖലയിലെ മാന്ദ്യത്തിനും കാരണമായേക്കാമെന്നും വിലയിരുത്തലുണ്ട്. മാർച്ചിനുശേഷം മാത്രമെ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ. നിലവിൽ ഡിമാൻഡ് നിലനിൽക്കുന്നുണ്ടെങ്കിലും വർധനവുണ്ടാകുന്നില്ലെന്ന് അനറോക് ഗ്രൂപ്പ് ചെയർമാൻ അനുജ് പുരി പറയുന്നു. വായ്പാ നിരക്ക്, ബിൽഡർമാരുടെ ഓഫറുകൾ എന്നിവ ആശ്രയിച്ചായിരിക്കും ഡിമാൻഡ് കൂടുകയെന്നും അദ്ദേഹം പറയുന്നു




## റഷ്യയുക്രെയ്ൻ യുദ്ധം; സമാധാന ചർച്ചക്കൊരുങ്ങി ചൈന

റഷ്യക്ക് വൻ തോതിൽ ആയുധങ്ങൾ ഇറക്കുമതി ചെയ്യാൻ ചൈന തയ്യാറെടുക്കുകയാണെന്ന വാർത്തകൾ പുറത്തു വന്നതിനു പിന്നാലെയാണ് സമവായ നീക്കവുമായി ഷീ രംഗത്തെത്തുന്നു എന്ന വാർത്ത പുറത്തു വരുന്നത്

റഷ്യയുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ ചർച്ചക്കു തയ്യാറായി ചൈന. അടുത്തയാഴ്ച്ച മോസ്കോയിൽ റഷ്യൻ പ്രസിഡൻറ് വ്ളാഡിമർ പുടിനുമായുള്ള ചർച്ചക്കു ശേഷം യുക്രെയ്ൻ പ്രസിഡൻറ് വ്ളാഡിമർ സെലൻസ്കിയുമായി ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ് ചർച്ച നടത്തും. മുൻപ് തന്നെ ഇത്തരമൊരു ചർച്ചക്ക് തയ്യാറാണെന്ന് സെലൻസ്കി പറഞ്ഞിരുന്നു.

ചൈനയുടെ സമാധാന ചർച്ചയെ സ്വാഗതം ചെയ്യുന്നതായി റഷ്യയും പ്രതികരിച്ചു. യുദ്ധത്തിന് രാഷ്ട്രീയ പരമായ പരിഹാരം കാണണമെന്നാണ് ചൈന മുന്നോട്ടു വച്ച സമാധാന ചർച്ചയിൽ വ്യക്തമാക്കുന്നത്.

## പാൻ കാർഡ് ആധാറുമായി മാർച്ച് 31നുള്ളിൽ ബന്ധിപ്പിക്കണം




**ന്യൂഡൽഹി:** പാൻ കാർഡ് ആധാറുമായി ബന്ധിപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 31 ആണ്. ആധാറുമായി ബന്ധിപ്പിച്ചില്ലെങ്കിൽ 2023 ഏപ്രിൽ 1 മുതൽ പാൻ കാർഡ് അസാധുവാകും. ആദായനികുതി നിയമം അനുസരിച്ച്, ഒഴിവാക്കപ്പെട്ട വിഭാഗത്തിൽപ്പെടാത്ത കാർഡ് ഉടമകൾ മാർച്ച് 31 മുൻപ് പാൻ ആധാറുമായി നിർബന്ധമായും ബന്ധിപ്പിക്കണം.

ചില വിഭാഗത്തിലുള്ള പൗരന്മാരെ പാൻ ആധാറുമായി ബന്ധിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആദായനികുതി നിയമം അനുസരിച്ച് പ്രവാസികളും ഒഴിവാക്കപ്പെട്ട വിഭാഗത്തിൽപ്പെടുന്നു. വിദേശത്ത് താമസിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന പ്രവാസികളെയാണ് പട്ടികയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത്.

ധനകാര്യ മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനമനുസരിച്ച് നാല് വിഭാഗങ്ങളെ പാൻ ആധാറുമായി ബന്ധിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രവാസിയായ ആൾ, ഇന്ത്യൻ പൗരൻമാരല്ലാത്തവർ, എൺപത് വയസ്സ് പൂർത്തിയായവർ, അസം, മേഘാലയ, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ താമസിക്കുന്നവർ എന്നിവരാണ് ഇവർ.



## കുപ്പിവെള്ള ശുദ്ധത: ഭക്ഷ്യസുരക്ഷാ പരിശോധന ആരംഭിച്ചു

**തിരുവനന്തപുരം:** കുപ്പിവെള്ളത്തിന്റെ ശുദ്ധത ഉറപ്പാക്കാൻ ഓപ്പറേഷൻ പ്യുവർ വാട്ടർ എന്ന പേരിൽ ഭക്ഷ്യസുരക്ഷ വകുപ്പു പ്രത്യേക പരിശോധന ആരംഭിച്ചു.ശനി, ഞായർ ദിവസങ്ങളിലായി 156 സ്ഥാപനങ്ങൾ പരിശോധിച്ചു വിവിധ കമ്പനികളുടെ 38 സാംപിളുകൾ ശേഖരിച്ചു പരിശോധനയ്ക്കയച്ചു.കുപ്പിവെള്ളം വെയിലേൽക്കാതെ കൊണ്ടു പോകുന്നുണ്ടോ എന്നറിയുന്നതിനു 44 വാഹനങ്ങൾ പരിശോധിച്ചു.

ഇതിനു പുറമേ ജ്യൂസുകളും പാനീയങ്ങളും നിർമിക്കുന്നതിനു ശുദ്ധജലവും ശുദ്ധജലത്തിൽ നിർമിച്ച ഐസും ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിച്ചു വരുന്നതായും മന്ത്രി വീണാ ജോർജ് പറഞ്ഞു. വിവിധ കമ്പനികളുടെ സാംപിളുകൾ ശേഖരിച്ചു തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകളിൽ അയച്ചു.

ഗുണനിലവാരം ഇല്ലാത്തവ കണ്ടെത്തിയാൽ പ്രോസിക്യൂഷൻ ഉൾപ്പെടെ! നടപടികൾ സ്വീകരിക്കും. കുപ്പിവെള്ളം വെയിലേൽക്കുന്ന രീതിയിൽ വിതരണം നടത്തിയ 2 വാഹനങ്ങൾക്കു പിഴയൊടുക്കാൻ നോട്ടിസ് നൽകി. കടകളിലും മറ്റും കുപ്പിവെള്ളം വെയിലേൽക്കാത്ത രീതിയിൽ സൂക്ഷിച്ചു വിൽപന നടത്തണമെന്നും നിർദേശിച്ചു.

## വകുപ്പുകൾ തമ്മിൽ ഭിന്നത; 6.1 കോടിയുടെ ശുദ്ധജല പദ്ധതി വഴിമുട്ടി

**ശാസ്താംകോട്ട:** മൈനാഗപ്പള്ളിയിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ സംസ്ഥാന സർക്കാരും കോവൂർ കുഞ്ഞുമോൻ എംഎൽഎയും പഞ്ചായത്തും ചേർന്നുള്ള 6.1 കോടി രൂപയുടെ സ്വപ്ന പദ്ധതി സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭിന്നതയെ തുടർന്നു വഴിമുട്ടി. അടുത്ത കാലത്തൊന്നും വെള്ളം കിട്ടില്ലെന്ന് ഉറപ്പായതോടെ, കത്തുന്ന വേനലിൽ ശുദ്ധജലത്തിനായി നെട്ടോട്ടമോടുകയാണ് നാട്ടുകാർ.! കിഫ്ബി പദ്ധതിയിൽ നവീകരിച്ച പ്രധാന റോഡുകളുടെ വശങ്ങൾ കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കാൻ പൊതുമരാമത്ത്, കെആർഎഫ്ബി വകുപ്പുകൾ അനുമതി നിഷേധിച്ചതാണ് പദ്ധതിക്കു വില്ലനായത്.

പബ്ലിക് മാർക്കറ്റിലെ പഞ്ചായത്ത് വക സ്ഥലത്ത് നിർമിച്ച 15.29 ലക്ഷം ലീറ്റർ ശേഷിയുള്ള കൂറ്റൻ ഓവർഹെഡ് ടാങ്ക് ഇതോടെ നോക്കുകുത്തിയായി. വേനൽ രൂക്ഷമായതോടെ പഞ്ചായത്തിൽ ജലക്ഷാമം രൂക്ഷമാകുകയാണ്. മിക്കയിടത്തും ജനങ്ങൾ പ്രതിഷേധവുമായി രംഗത്തെത്തി.

മൈനാഗപ്പള്ളി പഞ്ചായത്തിലെ 22 വാർഡുകളിലും ശുദ്ധജലം ഉറപ്പാക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ഓവർഹെഡ് ടാങ്ക് നിർമാണത്തിനു സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 5.1 കോടി രൂപയും പൈപ്പ് ഇടുന്നതിനായി കോവൂർ കുഞ്ഞുമോൻ എംഎൽഎയും മൈനാഗപ്പള്ളി പഞ്ചായത്തും 50 ലക്ഷം രൂപ വീതവും അനുവദിച്ചു.

# 35 ലക്ഷം അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം: മുഖ്യമന്ത്രി



**തിരുവനന്തപുരം:** നാലു വർഷത്തിനകം 35 ലക്ഷം അഭ്യസ്തവിദ്യർക്കു നൈപുണ്യ പരിശീലനം നൽകുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കെഡിസ്ക് ഇന്നവേഷൻ ദിനാചരണത്തിൽ കേരള ജീനോം ഡേറ്റ സെന്റർ, മൈക്രോബയോം മികവിന്റെ കേന്ദ്രം എന്നീ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി .

രാജ്യാന്തര തലത്തിൽ നിൽക്കുന്ന മാതൃകകൾക്ക് അനുസൃതമായി ജീനോമിക് ഡേറ്റ ക്യുറേറ്റ് ചെയ്യുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമായാണു കേരള ജീനോം ഡേറ്റ സെന്റർ സ്ഥാപിക്കുന്നത്. ആദ്യഘട്ടത്തിൽ കേന്ദ്രത്തിന്റെ പ്രവർത്തനം സസ്യങ്ങൾ, മൃഗങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയുടെ ജീനുകൾ കേന്ദ്രീകരിച്ചാകും നടക്കുക. 5 വർഷം കൊണ്ട് 500 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജിഎസ്ടി വകുപ്പിന്റെ പൗരസംതൃപ്തി സർവേ പ്രവർത്തന സജ്ജമായതായി മുഖ്യമന്ത്രി അറിയിച്ചു. ഒരു വകുപ്പ് ഒരു ആശയം പ്രോഗ്രാം വിജയികൾക്കുള്ള പുരസ്കാരവും മുഖ്യമന്ത്രി സമ്മാനിച്ചു.യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം ജേതാക്കൾക്കുള്ള പുരസ്കാര വിതരണവും സൈ ജീനോം റിസർച് ഫൗണ്ടേഷൻ സ്ഥാപകൻ സാം സന്തോഷ്, ഡോ. അമിതാഭ ചൗധരി എന്നിവർ ചേർന്നു രചിച്ച കേരള ജീനോം ഡേറ്റാ സെന്റർ പദ്ധതി വിശദീകരണ പുസ്തകത്തിന്റെ പ്രകാശനവും മന്ത്രി പി. രാജീവ് നിർവഹിച്ചു.

വി.കെ.പ്രശാന്ത് എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, കെഡിസ്ക് മെംബർ സെക്രട്ടറി ഡോ.പി.വി. ഉണ്ണിക്കൃഷ്ണൻ, കെ ഡിസ്ക് മാനേജ്മെന്റ് സർവീസ് എക്സിക്യൂട്ടീവ് ഡയറക്ടർ പി.പി.സജിത എന്നിവർ പ്രസംഗിച്ചു.രാവിലെ നടന്ന ചടങ്ങിൽ കെഡിസ്കിന്റെ ഇന്നവേഷൻ ദിനാചരണവും യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം വിജയികളുടെ പ്രഖ്യാപനവും മന്ത്രി കെ.എൻ.ബാലഗോപാൽ നിർവഹിച്ചു. വി.കെ. പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ചു. സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, ഐസിടി അക്കാദമി സിഇഒ സന്തോഷ് കുറുപ്പ്, കെഡിസ്ക് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ എസ്.സുരേഷ് കുമാർ എന്നിവർ പ്രസംഗിച്ചു.

## തീരദേശ ഹൈവേ: പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചു

**കൊല്ലം:** തീരദേശ ഹൈവേ നിർമാണത്തിനു കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചു. തീരദേശ വികസന കോർപറേഷൻ, പൊതുമരാമത്ത് വകുപ്പ് എന്നിവർ നടത്തിയ സർവേ പ്രകാരമുള്ള പുനരധിവാസ പാക്കേജ് സർക്കാർ അനുമതിക്കായി സമർപ്പിച്ചിരിക്കുകയായിരുന്നു.

പദ്ധതി പ്രദേശത്ത് വീടുകളുടെ സാന്ദ്രത കൂടുതലായതിനാലും നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പ്രത്യേക പുനരധിവാസ പാക്കേജാണ് റവന്യു വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡ് (കെആർഎഫ്ബി), കിഫ്ബി എന്നിവരുമായുള്ള ചർച്ചയിലെ നിർദേശങ്ങളും പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തീരദേശ പരിപാലന കോർപറേഷൻ നിർമിച്ചു നൽകുന്ന ഫ്ലാറ്റുകളിലേക്ക് പുനരധിവസിക്കാൻ താൽപര്യമില്ലാത്തവർക്ക് വസ്തുവിന്റെയും കെട്ടിടത്തിന്റെയും തുക നൽകുന്ന രീതിയിലാണ് പാക്കേജ്.

നിലവിൽ താമസിക്കുന്ന വസ്തുവിന് ആധാരം ഉള്ളവരും ഇല്ലാത്തവരും എന്നിങ്ങനെ 2 വിഭാഗങ്ങളായി തിരിച്ചാണ് പാക്കേജ്. 629 കിലോമീറ്റർ നീളത്തിൽ നിർമിക്കുന്ന തീരദേശ പാതയുടെ 420 കിലോമീറ്റർ ദൂരത്തിൽ റോഡിന് ഇരുവശത്തും 5 മുതൽ 8 മീറ്റർ വരെ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടി വരും.

ഭൂമിക്ക് ആധാരം ഉള്ളവർക്ക് വസ്തുവിൽ നിലനിൽക്കുന്ന കെട്ടിടത്തിന്റെ കാലപ്പഴക്കം അനുസരിച്ച് കുറയുന്ന തുകയും ലഭിക്കുന്ന രീതിയിലാണ് പാക്കേജ്. ഭൂമിക്ക് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിരിക്കുന്ന വില നഷ്ടപരിഹാരമായി നൽകും.



# വരണ്ടുണങ്ങി കല്ലടയാർ

**കുളത്തൂപ്പുഴ:** അഞ്ചാണ്ടിനിപ്പുറം കിഴക്കൻ മേഖല നേരിടുന്ന കനത്ത വേനലിലെ വരൾച്ചയിൽ കല്ലടയാർ നീർച്ചാലായി. ഒഴുക്കു നിലച്ച കല്ലടയാറ്റിൽ അങ്ങിങ്ങു രൂപപ്പെട്ട തുരുത്തുകളിൽ മാത്രം വെള്ളം. മണൽമെത്ത നിറഞ്ഞ് ആഴങ്ങൾ നികന്നു കെട്ടിനിൽക്കേണ്ട വെള്ളം ഒഴുകിപ്പോയതോടെ കല്ലടയാറ്റിൽ പാറക്കെട്ടുകൾ തെളിഞ്ഞു. തെന്മല പരപ്പാർ അണക്കെട്ടിൽ കല്ലടയാർ വന്നു ചേരുന്ന നെടുവെണ്ണൂർക്കടവിൽ വീണ്ടു കീറി പാറക്കെട്ടുകൾ മാത്രമായ കാഴ്ച ആശങ്കാജനകം. വേനൽ മഴ ആവശ്യത്തിനു കനിഞ്ഞില്ലെങ്കിൽ ഇക്കുറി ജനം കൂടുതൽ ദുരിതത്തിലാകും.



കുളത്തൂപ്പുഴ മൈലമൂട് കല്ലടയാർ കടവിൽ ചിതറ ശുദ്ധജല പദ്ധതിയ്ക്കു ജലലഭ്യത ഉറപ്പാക്കാൻ മണൽച്ചാക്കുകൾ നിരത്തി താൽക്കാലിക തടയണ പണിതപ്പോൾ. മണൽപരപ്പായ ഇവിടെ തടയണ പണിതിട്ടും വേണ്ടത്ര ജലവിതാനമില്ല.

കുളത്തൂപ്പുഴ മൈലമൂട് കല്ലടയാർ കടവിൽ ചിതറ ശുദ്ധജല പദ്ധതിയ്ക്കു ജലലഭ്യത ഉറപ്പാക്കാൻ മണൽച്ചാക്കുകൾ നിരത്തി താൽക്കാലിക തടയണ പണിതപ്പോൾ. മണൽപരപ്പായ ഇവിടെ തടയണ പണിതിട്ടും വേണ്ടത്ര ജലവിതാനമില്ല.

കല്ലടയാറ്റിൽ കാൽ നനയാൻ പോലും വെള്ളം ഇല്ലാതാകുന്ന വരൾച്ചയുടെ പിടിയിൽ തീരങ്ങളിലെ കിണറുകളിലും ജലവിതാനം താഴുന്നു. ആവശ്യത്തിനു ശുദ്ധജലം ലഭിക്കാത്ത അവസ്ഥയായതോടെ വേനൽചൂടിൽ നട്ടം തിരിയുന്ന ജനങ്ങൾ ദാഹജലത്തിനായി നെട്ടോട്ടം തുടങ്ങി. കല്ലടയാറ്റിലെ ജലലഭ്യത കുറഞ്ഞത് ജലഅതോറിറ്റിയുടെ പ്രധാന ശുദ്ധജല വിതരണ പദ്ധതികളായ കുളത്തൂപ്പുഴ റോക്ക്‌വുഡ്, ചിതറ പദ്ധതികളെ ആശങ്കയിലാക്കി.

റോക്ക്‌വുഡ് പദ്ധതിയുടെ ഗവ. തടി ഡിപ്പോ കടവിലും ചിതറ പദ്ധതിയുടെ മൈലമൂട് കടവിലും കല്ലടയാറ്റിൽ നീരൊഴുക്ക് നിലച്ചതോടെ ഒഴുകി പോകാതെ വെള്ളം കെട്ടിനിർത്താനുള്ള ശ്രമകരമായ ജോലിയിലാണ് അധികൃതർ. ജലലഭ്യത എത്രനാൾ ഉണ്ടാകുമെന്ന് ഉറപ്പില്ലാതായതോടെ പദ്ധതികളിൽ ശുദ്ധജല വിതരണം തടസ്സപ്പെട്ടേക്കുമെന്ന ആശങ്കയിലാണ്. ഇതിനിടെയും പദ്ധതികളിലെ പൈപ്പ് പൊട്ടലും വെള്ളം പാഴാകലും പതിവാകുകയാണ്. ജലജീവൻ പദ്ധതിയിൽ പണി പൂർത്തിയായ ഇടങ്ങളിൽ ഇനിയും ശുദ്ധജലം എത്താത്തതോടെ ദാഹജലം കിട്ടാക്കനി.

പൈപ്പ് കണക്ഷൻ ലഭിച്ച ഉയർന്ന പ്രദേശങ്ങളിലുള്ളവരാണു നട്ടം തിരിയുന്നവരിൽ നല്ലൊരു പങ്കും. ജലക്ഷാമം രൂക്ഷമായ ഇടങ്ങളിൽ ശുദ്ധജലം എത്തിക്കാൻ നടപടിയില്ല. വിഷയത്തിൽ റവന്യു വകുപ്പിന്റെ നടപടികൾ വൈകുന്നതായാണു പരാതി.

കല്ലടയാറ്റിലെ ജലലഭ്യത കുറഞ്ഞത് ബാലക ശ്രീധർമശാസ്താ ക്ഷേത്രക്കടവിലെ തിരുമക്കൾ എന്ന മത്സ്യക്കൂട്ടത്തിന്റെ ജീവനും ഭീഷണിയായിരിക്കുകയാണ്.

ചൂട് കുറവായ ആഴം കൂടിയ ഭാഗത്തേക്കു മാറിയിരിക്കുകയാണു മത്സ്യക്കൂട്ടം. അമ്പലക്കടവിൽ തടയണ പണിതു ജലലഭ്യത ഉറപ്പാക്കാനുള്ള കല്ലട ജലസേചന പദ്ധതിയുടെ ശ്രമം എങ്ങുമെത്തിയില്ല.

## ദിനംപ്രതി ചെറുനാരങ്ങാ വില കൂട്ടുന്നു

**തൊടുപുഴ:** കൊടുംചൂടിൽ വലയുന്ന ജനങ്ങളെ പിഴിഞ്ഞ് ചെറുനാരങ്ങാ വില. കിലോഗ്രാമിനു 120 രൂപയാണ് ചെറുനാരങ്ങയുടെ ചില്ലറ വില. ചിലയിടങ്ങളിൽ ഒന്നരക്കിലോ



ചെറുനാരങ്ങ 200 രൂപ എന്ന നിരക്കിലാണ് വിൽപന. ഒരു മാസം മുൻപ് കിലോഗ്രാമിന് 50 , 60 രൂപയായിരുന്നു വില. ബേക്കറികൾ, ജ്യൂസ് കടകൾ തുടങ്ങിയവർക്ക് വിലവർധന തിരിച്ചടിയാണ്.

ചൂടു കൂടിയതോടെ, നാരങ്ങയുടെ ഉപയോഗം കൂടിയതും ലഭ്യത കുറഞ്ഞതുമാണ് വിലവർധനയ്ക്കു കാരണമായി വ്യാപാരികൾ പറയുന്നത്. വേനലിൽ പൊതുവേ ചെറുനാരങ്ങയുടെ വില വർധിക്കാറുണ്ടെങ്കിലും ഇത്തവണ പതിവിലും നേരത്തേ വില കുതിച്ചുയരുന്ന കാഴ്ചയാണ്. കഴിഞ്ഞ വർഷം ഏപ്രിലിൽ വില കിലോഗ്രാമിന് 200 രൂപ കടന്നിരുന്നു.

ഇതെത്തുടർന്നു ബേക്കറികളിൽ നാരങ്ങാവെള്ളം, സോഡാ നാരങ്ങാവെള്ളം എന്നിവയുടെ വില കൂട്ടി. മിക്ക ബേക്കറികളിലും 20 രൂപയാണ് സോഡാനാരങ്ങാവെള്ളത്തിന് ഈടാക്കുന്നത്. നാരങ്ങാവെള്ളത്തിന് 12,15 രൂപയും. ചെറുനാരങ്ങ വില ഇനിയും ഉയർന്നാൽ ഇത്തരം പാനീയങ്ങളുടെ വിൽപന പ്രതിസന്ധിയിലാകുമെന്നു വ്യാപാരികൾ പറയുന്നു.

അച്ചാർ ഉൽപാദനത്തെയും വില വർധന ബാധിച്ചു തുടങ്ങി. തമിഴ്നാട്ടിലെ പുളിയംകുടിയിൽ നിന്നാണ് പ്രധാനമായും ഇപ്പോൾ നാരങ്ങ എത്തുന്നത്. ആന്ധ്രയിൽ നിന്നുള്ള നാരങ്ങയുടെ വരവ് കുറ!ഞ്ഞതാണ് ഇപ്പോഴത്തെ വിലവർധനയ്ക്കു കാരണമായി മൊത്തവ്യാപാരികൾ പറയുന്നത്. അധികം വൈകാതെ ചെറുനാരങ്ങയുടെ വരവ് വർധിക്കുമെന്നും വില കുറയുമെന്നുമാണ് ഇവരുടെ പ്രതീക്ഷ.

## പുഞ്ചക്കൊയ്ത്ത്, സംഭരണം; പുരോഗതി വിലയിരുത്താൻ സംവിധാനം

**കുട്ടനാട്:** ജില്ലയിൽ പുഞ്ചക്കൊയ്ത്തും നെല്ലുസംഭരണവും പൂർത്തിയാകുന്നതുവരെ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗതി നിരീക്ഷിക്കാനും കർഷകരുടെ പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കാനും പ്രത്യേക ഉദ്യോഗസ്ഥ സംവിധാനം ഒരുക്കാൻ മന്ത്രി പി.പ്രസാദ് നിർദേശിച്ചു. മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രത്തിൽ വിളിച്ചുചേർത്ത ഉദ്യോഗസ്ഥരുടെയും കർഷകരുടെയും യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു മന്ത്രി. നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് മനോരമ തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന വാർത്തകൾ ശ്രദ്ധയിൽപെട്ടതോടെയാണ് അടിയന്തര യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചതെന്നു മന്ത്രി പറഞ്ഞു.



രാമങ്കരി മുട്ടാർ പഞ്ചായത്തുകളിലായി കിടക്കുന്ന ഇന്ദ്രങ്കരി കാച്ചാണിക്കരി പാടശേഖരത്തിലെ പ്രശ്നങ്ങൾ പരിഹരിച്ചതായും മാർത്താണ്ഡം കായലിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്ന് ഉദ്യോഗസ്ഥരെ അവിടേക്ക് അയയ്ക്കുമെന്നും മന്ത്രി പറഞ്ഞു. കൊയ്ത്തിന്റെ കാലയളവിൽ കലക്ടറേറ്റിൽ ഡപ്യൂട്ടി കലക്ടർക്കു പുരോഗതി നിരീക്ഷിക്കാനുള്ള പ്രത്യേക ചുമതല നൽകാൻ കലക്ടർക്കു മന്ത്രി നിർദേശം നൽകി. കൊയ്ത്തിന്റെ പുരോഗതി, നെല്ലുസംഭരണം എന്നിവ ഇത്തരത്തിൽ കൃഷി ഉദ്യോഗസ്ഥരും പാഡി ഓഫിസർമാരും ജില്ലാ ഭരണകൂടവും ചേർന്നു വിലയിരുത്തും.

കലക്ടർ വി.ആർ.കൃഷ്ണ തേജ, കൃഷി അഡീഷനൽ ഡയറക്ടർ ആർ.ശ്രീരേഖ, പ്രിൻസിപ്പൽ കൃഷി ഓഫിസറുടെ ചുമതല വഹിക്കുന്ന ഡപ്യൂട്ടി ഡയറക്ടർ കെ.ജെ.മേഴ്സി, കൃഷി ഡപ്യൂട്ടി ഡയറക്ടർമാരായ ബി.സ്മിത, ബിജി ജോയ്, ടി.സി.ഷീന, സി.എസ്.അജിത്കുമാർ, കുട്ടനാട് വികസന സമിതി വൈസ് ചെയർമാൻ കെ.ഗോപിനാഥൻ, അനിൽ കെ.ആന്റോ, ആനി മാത്യു, ബെറ്റി വർഗീസ്, ബി.ലാലി, ടി.ഡി.സുശീലൻ, കെ.വി.ജയപ്രകാശ്, ഷാജി ചേരമാൻ, പി.വി.രാമഭദ്രൻ, സുപ്രമോദം, പി.ആർ.നാരായണപിള്ള, ഹരികൃഷ്ണൻ കാവാലം തുടങ്ങിയവർ പങ്കെടുത്തു.

## ജി20 മുന്നൊരുക്കം: വെച്ചൂരിൽ വകുപ്പുതല യോഗം ചേർന്നു

**വൈക്കം:** വെച്ചൂർ പഞ്ചായത്തിൽ! ജി20 മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ.ഷൈല കുമാറിന്റെ അധ്യക്ഷതയിൽ വിവിധ വകുപ്പുതല യോഗം ചേർന്നു. പൊലീസ്, റവന്യു, എക്സൈസ്, പൊതുമരാമത്തുവകുപ്പ്, വാട്ടർ അതോറിറ്റി, കെഎസ്ഇബി, ആരോഗ്യവകുപ്പ്, വ്യാപാരിവ്യവസായി എന്നിവർ പങ്കെടുത്ത യോഗത്തിൽ വൈസ് പ്രസിഡന്റ് ബിൻസി ജോസഫ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.കെ.മണിലാൽ.

പഞ്ചായത്ത് അംഗങ്ങളായ മറിയക്കുട്ടി, ബിന്ദു രാജു, ഹെഡ് ക്ലാർക്ക് പി. കിരൺ എന്നിവർ പ്രസംഗിച്ചു. 50 വാട്സിന്റെ 200 എൽഇഡി ബൾബുകൾ ബണ്ട് റോഡ് മുതൽ കൈപ്പുഴമുട്ട് വരെയുള്ള ഭാഗങ്ങളിൽ ഉടനെ സ്ഥാപിക്കും, സൗന്ദര്യവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തുമെന്നും പ്രസിഡന്റ് അറിയിച്ചു.

അഡീഷനൽ തഹസിൽദാർ എസ് ധർമജൻ, പൊതുമരാമത്തുവകുപ്പ് അസി.എക്സിക്യൂട്ടീവ് എൻജിനീയർ റാണി വിജയലക്ഷ്മി, വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ബാസ്റ്റിൻ ജോൺ എന്നിവർ വകുപ്പുതല പ്രവർത്തനങ്ങൾ വിശദീകരിച്ചു.അംബികാ മാർക്കറ്റ് മുതൽ ബണ്ട് റോഡ് ജംക്‌ഷൻ വരെയുള്ള റോഡ് നവീകരണം പൂർത്തീകരിച്ചു. ബണ്ട് റോഡ് ജംക്‌ഷൻ മുതൽ വൈക്കം വരെയുള്ള ജോലികൾ രാത്രിയും പകലുമായി പൂർത്തീകരിച്ച് വരുന്നു.

അംബികാ മാർക്കറ്റ് മുതൽ ബണ്ട് റോഡ് വരെയുള്ള കെഎസ്ഇബി ലൈനിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചതായും വൈദ്യുത തടസ്സം മൂലം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ടെൻഡർ വർക്കുകൾ നടത്തിവരുന്നതും 15ന് മുൻപ് വർക്കുകൾ പൂർത്തീകരിക്കുമെന്നും കെഎസ്ഇബി അസി.എക്സിക്യൂട്ടീവ് എൻജിനീയർ സംഗീത പറഞ്ഞു.

അംബികാ മാർക്കറ്റ് മുതൽ ബണ്ട് റോഡ് വരെയുള്ള അനധികൃത കടകൾ നീക്കം ചെയ്യണമെന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കടകൾക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നും വ്യാപാര വ്യവസായി സമിതി അംഗങ്ങൾ പറഞ്ഞു. വ്യാപാരസ്ഥാപനങ്ങളിൽ പുകയില ഉൽപന്നങ്ങൾ മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ശക്തമായ പരിശോധന നടത്തുന്നതായി എക്സൈസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

# സൂര്യാഘാതത്തിനു സാധ്യതയേറുന്നു; അതിശക്തം, അൾട്രാവയലറ്റ്



**പാലക്കാട്:** സൂര്യനിൽ നിന്നു പതിക്കുന്ന മാരകമായ അൾട്രാവയലറ്റ് (യുവി) രശ്മികളുടെ അളവിൽ ജില്ലയിൽ കാര്യമായ വർധന രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇതേ സമയത്ത് ഉണ്ടായിരുന്നതിനെക്കാൾ മൂന്ന് ഇൻഡക്സ് വരെ കൂടുതലാണ് ഇത്തവണയെന്നു കാലാവസ്ഥാ വിദഗ്ധർ അറിയിച്ചു. യുവി ഇൻഡക്സ് 9 വരെ സുരക്ഷിതമാണ്. ജില്ലയിൽ കഴിഞ്ഞ ദിവസം ഇതു 13 ആയിരുന്നു. ശരീരത്തിൽ ജലാംശം വേഗത്തിൽ ഇല്ലാതാക്കി രോഗസാധ്യത വർധിപ്പിക്കുന്ന യുവി രശ്മികൾ, അന്തരീക്ഷം ശൂന്യമായതിനാൽ തടസ്സങ്ങളില്ലാതെ നേരിട്ടു ഭൂമിയിൽ പതിക്കുന്ന സ്ഥിതിയാണ്.

കാർമേഘങ്ങളും പൊടിപടലങ്ങളും ഉണ്ടെങ്കിൽ ഇതിന്റെ കാഠിന്യം കുറയും. വടക്കൻ ജില്ലകളിൽ ചിലയിടത്ത് ഈ മാസമാദ്യം യുവി ഇൻഡക്സ് 12 വരെ റിപ്പോർട്ട് ചെയ്തിരുന്നു. പിന്നീട് അതു കുറഞ്ഞു. സൂര്യനിൽനിന്നു ഭൂമിയി!ൽ പതിക്കുന്ന ചൂട് 35 ഡിഗ്രി സെൽഷ്യസ് ആണെങ്കിൽ, യുവിയുടെ അളവു കൂടിയാൽ ശരീരത്തിനു 45 ഡിഗ്രിവരെ ചൂട് അനുഭവപ്പെടാം. ശരീരത്തിലെ ജലാംശം ഇതോടെ വേഗത്തിൽ ഇല്ലാതാകും. പൊള്ളലേൽക്കാനും സൂര്യാഘാതത്തിനും സാധ്യതയേറും. ശരീരം തളരും. തിമിരവും ത്വക്‌രോഗങ്ങളും വർധിക്കാനും ഇതു കാരണമാകും. നാണ്യ, ഫലവർഗങ്ങളിൽ വിളവു കുറയാനും അൾട്രാവയലറ്റ് രശ്മികൾ കാരണമാകും.15നു ശേഷം ഒറ്റപ്പെട്ട മഴയ്ക്കു സാധ്യത പ്രതീക്ഷിക്കുന്നുണ്ടെങ്കിലും ചൂടിന്റെ തീവ്രത അതിരൂക്ഷമാകുമെന്നാണ് ഇപ്പോഴത്തെ നിഗമനം. മാർച്ചിൽ സാധാരണ വൈകുന്നേരമാണു നേരിയ കാറ്റ് ലഭിക്കാറെങ്കിലും പലയിടത്തും രാവിലെയും കാറ്റുണ്ട്. ചിലയിടങ്ങളിൽ രാവിലെ നേരിയ തണുപ്പും അനുഭവപ്പെടുന്നുണ്ട്. ഈ അന്തരീക്ഷം രോഗവ്യാപനത്തിനും കാരണമാകും.

കൂടല്ലൂരിൽ കുറ്റിപ്പുറം മൂടാൽ ഭാഗത്ത് ഇന്നലെ രാവിലെ 11 മണിയോടെ ബസ് കാത്തുനിന്ന തോട്ടുങ്ങൽ ടി.നിഖിലിനു സൂര്യാതപമേറ്റു. അഞ്ചു മിനിറ്റ് വെയിലത്തു നിന്നപ്പോൾ ശരീരത്തിൽ നീറ്റൽ അനുഭവപ്പെട്ടെങ്കിലും കാര്യമാക്കിയില്ലെന്നു നിഖിൽ പറഞ്ഞു. വീട്ടിലെത്തി ഷർട്ട് അഴിച്ചു നോക്കുമ്പോൾ പാടുകൾ കണ്ടു. തുടർന്നു ഡോക്ടറെ കണ്ടു ചികിത്സ തേടി.

കനത്ത ചൂടിൽ വഴിയരികിൽ വീണോ, അവശരായോ കണ്ടെത്തുന്നവരെ ലഹരി ഉപയോഗിച്ചിട്ടാകാമെന്ന ധാരണയിൽ അവഗണിക്കരുതെന്ന് ആരോഗ്യ വിദഗ്ധർ. ഇവർക്ക് അടിയന്തര വൈദ്യസഹായത്തിനു വഴിയൊരുക്കണം. ആവശ്യമെങ്കിൽ പൊലീസിന്റെ സഹായവും തേടാം. ചൂട് വീണ്ടും ഉയർന്നാൽ കുഴഞ്ഞുവീണുള്ള മരണത്തിനടക്കം സാധ്യതയുണ്ടെന്നും ആരോഗ്യവിദഗ്ധർ മുന്നറിയിപ്പു നൽകുന്നു. വെയിലേറ്റു റോഡിലും മറ്റും തളർന്നു വീഴുന്നവരെ ഉടൻ തണലിലേക്കു മാറ്റി വൈദ്യസഹായം ലഭ്യമാക്കണം.

## അവധിക്കാലത്ത് കുഞ്ഞുങ്ങൾക്കായി സ്നേഹക്കൂട്

**തിരുവനന്തപുരം:** ശിശു സംരക്ഷണ കേന്ദ്രങ്ങളിലെ കുട്ടികൾക്കായി സ്നേഹക്കൂടൊരുക്കാൻ അവസരം. വേനലവധിക്കാലത്ത് സ്വന്തം വീടുകളിലേക്ക് പോകാൻ കഴിയാതെ വരുന്ന കുട്ടികൾക്കാണ് സ്നേഹക്കൂട് വേണ്ടത്. കുട്ടികൾക്ക് നല്ലൊരു കുടുംബാനുഭവം നൽകുന്നതിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കുന്ന സനാഥബാല്യം 2023 പദ്ധതി പ്രകാരമാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ജില്ലയിലെ വിവിധ ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ ആറ് മുതൽ പതിനെട്ട് വരെ പ്രായമുള്ള കുട്ടികളെ വേനൽ അവധിക്കാലത്ത് തങ്ങളുടെ ഭവനത്തിൽ താമസിപ്പിച്ച് നല്ലൊരു കുടുംബാനുഭവം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. 35 വയസ്സ് പൂർത്തിയായ ദമ്പതികൾക്ക് പദ്ധതിയിലേക്ക് അപേക്ഷിക്കാം. ഒന്നിലധികം കുട്ടികളെ സംരക്ഷിക്കുവാൻ പ്രാപ്തരായ രക്ഷിതാക്കൾക്ക് മുൻഗണന. ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി എപ്രിൽ 10. അപേക്ഷ ഫോമിനും വിശദ വിവരങ്ങൾക്കും പൈനാവിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടാം. ഫോൺ 9497682925, 9744167198.

## ശിൽപ്പശാല ഇന്ന്


**തിരുവനന്തപുരം:** കേന്ദ്ര ഗ്രാമ വികസന മന്ത്രാലയവും ജലശക്തി മന്ത്രാലയത്തിന്റെയും പങ്കാളിത്തത്തോടെ ജർമ്മൻ ഫെഡറേഷൻ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹകരണത്തിൽ കമ്മീഷൻ ചെയ്ത ഉഭയകക്ഷി പദ്ധതിയായ 'ഗ്രാമീണ ഇന്ത്യയുടെ ജല സുരക്ഷയും കാലാവസ്ഥ പൊരുത്തപ്പെടലും' എന്നതിന്റെ ശിൽപ്പശാല മാർച്ച് 14ന് തിരുവനന്തപുരം ഹോട്ടൽ ഹൈസിന്തിൽ നടക്കും.
രാവിലെ 10.30ന് മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്യും. ഏ12 അഡ്വൈസർ സ്റ്റീഫൻ ഡോം, നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് ഡയറക്ടർ രാജീവ് അഹൽ തുടങ്ങിയവർ പങ്കെടുക്കും. വിവിധ സെഷനുകളിൽ വിദഗ്ദ്ധർ ക്ലാസുകൾ നയിക്കും.

## തിരുനക്കര ഉത്സവം; മുന്നൊരുക്കം വിലയിരുത്തി

**കോട്ടയം:** മാർച്ച് 15 മുതൽ 24 വരെ നടക്കുന്ന തിരുനക്കര ശ്രീ മഹാദേവക്ഷേത്തിലെ ഉത്സവത്തിന്റെ മുന്നൊരുക്കം വിലയിരുത്തുന്നതിനായി സഹകരണരജിസ്ട്രേഷൻ വകുപ്പു മന്ത്രി വി.എൻ. വാസവന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.

ഉത്സവത്തിന്റെയും പൂരത്തിന്റെയും സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് മന്ത്രി പറഞ്ഞു. ഹരിത ചട്ടം പാലിച്ച് ഉത്സവം നടത്തും. മദ്യത്തിനും മയക്കുമരുന്നിനുമെതിരേ പോലീസും എക്സൈസും സംയുക്ത പരിശോധന നടത്താനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറക്കാനും മന്ത്രി നിർദ്ദേശം നൽകി.

മാർച്ച് 21ന് വൈകിട്ട് നടക്കുന്ന പൂരത്തിന് 22 ആനകളെ എഴുന്നള്ളിക്കും. കൂടുതൽ പൊലീസുകാരെ വിന്യസിക്കും. വനിത പൊലീസിനെ കൂടുതലായി നിയോഗിക്കും. മുൻവർഷങ്ങളെ അപേക്ഷിച്ച് ചൂടുകൂടിയ സാഹചര്യമായതിനാൽ രാവിലെ 11 മുതൽ വൈകിട്ട് മൂന്നു വരെ ആനകളെ എഴുന്നള്ളിക്കുന്നത് ഒഴിവാക്കുമെന്നും ആനയ്ക്ക് ചൂട് ഏൽക്കാതിരിക്കാൻ നിലത്ത് വെള്ളം നനച്ച ചണച്ചാക്ക് വിരിക്കണമെന്നും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കെ.എ. സാജു പറഞ്ഞു. എലിഫന്റ് മോണിറ്ററിംഗ് കമ്മിറ്റി 22 ആനകൾക്ക് അനുമതി നൽകി. പൂരദിവസം ജില്ലാ ചീഫ് വെറ്ററിനറി ഓഫീസറുടെയും എലിഫന്റ് സ്ക്വാഡിന്റെയും നേതൃത്വത്തിലുള്ള സംഘം സ്ഥലത്തുണ്ടാവുമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ ഡോ. പി.കെ. മനോജു കുമാർ പറഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ പ്രത്യേക സ്ക്വാഡ് വാഹന, പാർക്കിംഗ് നിയന്ത്രണത്തിനായി പൊലീസിനൊപ്പമുണ്ടാകും. ഭക്തരുടെ തിരക്ക് നിയന്ത്രിക്കുന്നതിനായി ക്ഷേത്രത്തിനകത്തും പൊലീസിനെ നിയോഗിക്കും. നഗരത്തിൽ പൊലീസ് പട്രോളിംഗ് ശക്തമാക്കും. കൺട്രോൾ റൂമുകൾ തുറക്കും. നഗര ശുചീകരണത്തിനും വഴിവിളക്കുകൾ നന്നാക്കുന്നതിനും കുടിവെള്ള വിതരണത്തിന് വാഹനം ലഭ്യമാക്കുന്നതിനും കോട്ടയം നഗരസഭയെ ചുമതലപ്പെടുത്തി. ശുചീകരണത്തിന് ശുചിത്വ മിഷനും നഗരസഭയും ചേർന്ന് ഹരിത കർമ്മസേനയെ നിയോഗിക്കും. തടസംകൂടാതെ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ കെ.എസ്.ഇ.ബി.ക്ക് മന്ത്രി നിർദ്ദേശം നൽകി.



## കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെ ആവശ്യമുണ്ട്

**കൊച്ചി:** എറണാകുളം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന കൂവപ്പടി ബ്ലോക്കിലെ മുടക്കുഴ പഞ്ചായത്തിലെ പേരങ്ങാട്, കണ്ണഞ്ചേരിമുകൾ പട്ടികജാതി കോളനി, വടവുകോട് ബ്ലോക്കിലെ ഐക്കരനാട് പഞ്ചായത്തിലെ ഏഴിലും പട്ടികജാതി കോളനികളിലെ വിജ്ഞാൻ വാടികളിലേയ്ക്കും മേൽനോട്ടച്ചുമതല വഹിക്കുന്നതിന് ഒരു വർഷത്തേയ്ക്ക് പ്രതിമാസം 8,000 രൂപ ഹോണറേറിയം വ്യവസ്ഥയിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് പരിജ്ഞാനമുള്ള പ്ലസ് ടു വിജയിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 2145 വയസ്. പട്ടികജാതി വികസന വകുപ്പിലോ, മറ്റ് സർക്കാർ വകുപ്പുകളിലോ ഫീൽഡ് പ്രവർത്തന പരിചയമുള്ളവർക്ക് മുൻഗണ നൽകും. പ്രവൃത്തി സമയം എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകുന്നേരം 5 വരെയും (തിങ്കളാഴ്ചയൊഴികെ), തദ്ദേശ വാസികൾക്ക് മുൻഗണന. നിയമനം താൽക്കാലികമായിരിക്കും. വെള്ളക്കടലാസിൽ പൂരിപ്പിച്ച അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ സഹിതം മാർച്ച് 17 ന് (വെള്ളിയാഴ്ച) രാവിലെ 11 ന് കാക്കനാട്, സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ഓഫീസിൽ നേരിട്ട് ഹാജരാകണം. (ഫോൺ നമ്പർ 04842422256).

## പട്ടികവർഗ്ഗ പ്രമോട്ടറുടെ ഒഴിവ്

**കൊച്ചി:** ജില്ലയിൽ മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ കീഴിൽ മുവാറ്റുപുഴ ബ്ളോക്ക്/മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള പട്ടികവർഗ്ഗ പ്രമോട്ടറുടെ ഒഴിവിലേയ്ക്ക് നിയമിക്കുന്നതിന് പട്ടികവർഗ്ഗ യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിവിധ ക്ഷേമ വികസന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗക്കാരിൽ എത്തിക്കുന്നതിനും, സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവർ നടത്തുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും, വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗക്കാർക്ക് ചികിത്സ ഉറപ്പു വരുത്തുന്നതിനുമായി സേവന സന്നദ്ധതയുള്ളവരും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ള 20 35 മദ്ധ്യേ പ്രായമുള്ള പട്ടികവർഗ്ഗക്കാർക്ക് അപേക്ഷിക്കാം. എഴുത്തു പരീക്ഷയുടെയും നേരിട്ടുള്ള അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം. ഒരാൾ ഒന്നിലധികം അപേക്ഷ സമർപ്പിക്കുവാൻ പാടില്ല. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മാർച്ച് 21 ന് വൈകിട്ട് അഞ്ചു വരെ. നിയമന കാലാവധി ഒരു വർഷമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം യാത്രാബത്ത ഉൾപ്പടെ 13,500 രൂപ ഓണറേറിയത്തിന് അർഹത ഉായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04852814957, 2970337 ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

## ലേലം

**കൊച്ചി:**എറണാകുളം ജില്ലാ ജയിൽ പരിസരത്ത് കർട്ടേഴ്സിനോട് ചേർന്ന് നിൽക്കുന്ന പാഴ്മരം, കാറ്റിൽ മറിഞ്ഞ് വീണ് കിടക്കുന്ന പ്ലാവ് എന്നീ മരങ്ങൾ (ആകെ രണ്ട് മരങ്ങൾ) മാർച്ച് 20ന് ഉച്ചയ്ക്ക് 12ന് പരസ്യ ലേലം ചെയ്ത് വിൽക്കുന്നു. സ്ഥലം കാക്കനാട് ജില്ലാ ജയിൽ പരിസരം

### ബ്രഹ്മപുരം തീപിടുത്തം

# അന്തരീക്ഷത്തിൽ പുക;മെഡിക്കൽ യൂണിറ്റുകളിൽ ആദ്യ ദിനം ചികിത്സ തേടിയത് 178 പേർ



**കൊച്ചി:** ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ പുക ശമിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർണതയിലേക്ക്. അന്തരീക്ഷത്തിലെ പുകയുടെ സാന്നിധ്യത്തിലും കുറവ് രേഖപ്പെടുത്തിയതായി അധികൃതർ വ്യക്തമാക്കി.ഏഴു സെക്ടറുകളിൽ രണ്ടിടങ്ങളിലാണ് അവസാനഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. മറ്റു മേഖലകളിലെ തീയും പുകയും പൂർണമായി ശമിച്ചിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. രാവിലത്തെ അപേക്ഷിച്ച് അന്തരീക്ഷത്തിലെ പുക പടലത്തിൽ വലിയ തോതിലുള്ള മാറ്റമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.നിലവിൽ അഗ്നി രക്ഷാ സേനയുടെ 18 യൂണിറ്റുകളാണ് ദുരന്തമുഖത്തുള്ളത്. 98 സേനാംഗങ്ങൾക്ക് പുറമേ 16 ഹോം ഗാർഡുകളും സിവിൽ സിഫൻസ് സേനയിലെ 57 പേരും ബ്രഹ്മപുരത്തുണ്ട്. ആരോഗ്യ വകുപ്പിലെയും പൊലീസിലെയും നാല് പേർ വീതമാണ് നിലവിൽ പ്ലാന്റിലുള്ളത്. തീ അണയ്ക്കുന്നതിനായി മൂന്ന് ഹൈ പ്രഷർ പമ്പുകളും 22 എസ്കവേറ്ററുകളുമാണ് ഉപയോഗിക്കുന്നത്. എത്രയും വേഗം പൂർത്തിയാക്കുക എന്ന ഉദ്ദേശത്തോടെ ശക്തമായ രക്ഷാപ്രവർത്തനമാണ് അഗ്നിരക്ഷാസേനയുടെ നേതൃത്വത്തിൽ നടന്നു വരുന്നത്.അതേ സമയം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച മൊബൈൽ മെഡിക്കൽ യൂണിറ്റുകളിൽ ഇന്നലെ ചികിത്സ തേടിയെത്തിയത് 178 പേർ. രണ്ട് യൂണിറ്റുകൾ ഉണ്ടായിരുന്നതിൽ ആദ്യ യൂണിറ്റിൽ 118 പേർ ചികിത്സ തേടിയപ്പോൾ 60 പേരായിരുന്നു രണ്ടാം യൂണിറ്റിൽ ചികിത്സ തേടി എത്തിയത്. ഗുരുതര പ്രശ്നങ്ങൾ ഇല്ലാത്തതിനാൽ ആരെയും അഡ്മിറ്റ് ചെയ്തിട്ടില്ലെന്ന് ആരോഗ്യ വിഭാഗം അറിയിച്ചു.ചമ്പക്കര കുന്നുകര പാർക്ക്, വൈറ്റില മഹിള സമാജം, തമ്മനം കിസാൻ കോളനി, പൊന്നുരുന്നി അർബൻ പി.എച്ച്.സി സമീപമുള്ള നഴ്സറി റോഡ് എന്നിവിടങ്ങളിലായിരുന്നു ആദ്യ മെഡിക്കൽ യൂണിറ്റ് എത്തിയത്. പി ആന്റ് ടി കോളനി, ഉദയ കോളനി എന്നിവിടങ്ങളിലും വെണ്ണല അർബൻ പി.എച്ച്.സിക്ക് സമീപവുമായിരുന്നു യൂണിറ്റ് രണ്ടിന്റെ സന്ദർശനം.ആദ്യ യൂണിറ്റിൽ കുന്നുകര പാർക്കിൽ 32 പേരും വൈറ്റില മഹിള സമാജത്തിൽ 22 പേരും കിസാൻ കോളനിയിൽ 34 പേരും പൊന്നുരുന്നിയിൽ 30 പേരുമായിരുന്നു ചികിത്സ തേടിയത്. രണ്ടാം യൂണിറ്റിൽ വെണ്ണലയിൽ 27 പേരും പി ആന്റ് ടി കോളനി, ഉദയ കോളനി എന്നിവിടങ്ങളിലായി 33 പേരും ചികിത്സ തേടി.ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങളെയും അനുബന്ധ രോഗാവസ്ഥകളെയും നിരീക്ഷിക്കുന്നതിനും അടിയന്തര വൈദ്യ സഹായം ഫീൽഡ് തലത്തിൽ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.യൂണിറ്റുകളിൽ മെഡിക്കൽ ഓഫീസർ, നഴ്സിംഗ് ഓഫിസർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സേവനവും അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള സ്റ്റെബിലൈസേഷൻ സംവിധാനവും നെബുലൈസേഷൻ അടക്കമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങളും ഇതിൽ ലഭ്യമാകും മിനി സ്പൈറോമീറ്റർ അടക്കമുള്ള സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

# ദുരന്തഭൂമിയിൽ സേവനസന്നദ്ധരായി സിവിൽ ഡിഫൻസ് സേന



**കൊച്ചി:** തീയും പുകയുമുയരുന്ന ബ്രഹ്മപുരം ദുരന്തഭൂമിയിൽ സേവ സന്നദ്ധരായി പ്രവർത്തിക്കുകയാണ് സിവിൽ ഡിഫൻസ് സേനാംഗങ്ങൾ. ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീയും പുകയും അണയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനമാണ് രാവും പകലും ഇവർ നടത്തുന്നത്. 12 ജില്ലകളിൽ നിന്നായി 650 പേരാണ് ഇതിനോടകം രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായത്. നിലവിൽ 75 സിവിൽ ഡിഫൻസ് സേനാംഗങ്ങൾ ബ്രഹ്മപുരത്തുണ്ട്. യാതൊരു ലാഭേച്ഛയുമില്ലാതെ നൂറുകണക്കിന് സിവിൽ ഡിഫൻസ് സേനാംഗങ്ങളാണ് കഴിഞ്ഞ ദിവസങ്ങളിൽ ബ്രഹ്മപുരത്തേക്കെത്തിയത്. കൂലിപ്പണിക്കാർ മുതൽ ബിസിനസുകാർ വരെയുള്ള സിവിൽ ഡിഫൻസ് സേനാംഗങ്ങളിൽ പലരും ജോലി കഴിഞ്ഞ് വീട്ടിൽ പോകുന്നതിന് പകരം ബ്രഹ്മപുരത്തേക്കെത്തി. ചിലരാകട്ടെ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അവധിയെടുത്ത് സന്നദ്ധ സേവനത്തിനെത്തി.നേരത്തെ കോവിഡ് പ്രതിസന്ധിയിലും പ്രളയകാലത്തുമെല്ലാം അഗ്നി രക്ഷാ സേനക്കൊപ്പം ഒറ്റക്കെട്ടായി പ്രശംസനീയമായ പ്രവർത്തനങ്ങൾ സിവിൽ ഡിഫൻസ് വൊളന്റിയർമാർ നടത്തിയിരുന്നു. ബ്രഹ്മപുരം തീപിടിത്തത്തോടെ ദുരന്ത മുഖങ്ങളിൽ തങ്ങളുടെ പങ്ക് വ്യക്തമാക്കുകയാണിവർ. ചരിത്രത്തിലെ ഏറ്റവും വലിയ തീയണയ്ക്കൽ പ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയ ഫയർ ആന്റ് റെസ്ക്യൂ സേനക്ക് ആവശ്യമായ സഹായങ്ങളും പിന്തുണയും സേനാംഗങ്ങൾ ഒരുക്കി.സേവനസന്നദ്ധതയുള്ള പൊതുജനങ്ങൾക്ക് ജീവൻരക്ഷാ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അതുവഴി ദുരന്തത്തിന്റെ ആഘാതം കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സിവിൽ ഡിഫൻസിന്റെ രൂപീകരണം. അഗ്നിരക്ഷാ സേനയ്ക്ക് കീഴിലാണ് ഇവരുടെ പ്രവർത്തനം. ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ തീപിടിച്ച സാഹചര്യത്തിൽ ആദ്യം ഓടിയെത്തിയത് സിവിൽ ഡിഫൻസ് സേനാംഗങ്ങളായിരുന്നു. തീ അണയ്ക്കുന്നതിനും പുക ശമിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് അഗ്നിരക്ഷാസേന നേതൃത്വം കൊടുത്തപ്പോൾ സിവിൽ ഡിഫൻസ് അവർക്ക് കരുത്തു പകർന്നു. ഫയർ എഞ്ചിനുകളിൽ ഇന്ധനവും പമ്പ് ചെയ്യുന്നതിനുള്ള വെള്ളവും നിറക്കുന്നത് മുതൽ ഭക്ഷണം വിതരണം ചെയ്യുന്നത് വരെ സിവിൽ ഡിഫൻസ് ഏറ്റെടുത്തു. അവശ്യഘട്ടങ്ങളിൽ തീയണയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും ഇവരുടെ സേവനം തേടി.തീ അണയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കിയതിന് പിന്നാലെ ദിവസവും നൂറോളം പേരായിരുന്നു വിവിധ ഷിഫ്റ്റുകളിലായി സേവനത്തിനെത്തിയത്. വിവിധ ജില്ലകളിൽ നിന്നുള്ളവരായിരുന്നു ഇവർ. തൃക്കാക്കര അഗ്നിനിലയത്തിലായിരുന്നു ഇവരുടെ താമസ സൗകര്യം ഒരുക്കിയത്.റീജ്യണൽ ഫയർ ഓഫീസർ ജെ.എസ്. സുജിത്ത് കുമാറിന്റെയും ജില്ലാ ഫയർ ഓഫീസർ കെ. ഹരികുമാറിന്റെയും മേൽനോട്ടത്തിൽ സിവിൽ ഡിഫൻസ് ചീഫ് വാർഡൻ അനു ചന്ദ്രശേഖർ, ഡിവിഷണൽ വാർഡൻ ബിനു മിത്രൻ എന്നിവരാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

## ഇന്ത്യയുടെ സമുദ്രമത്സ്യമേഖലയിൽ നിന്നുള്ള കാർബൺ നിർഗമനം

# ഒരുടൺ മത്സ്യോൽപാദനത്തിൽ അന്തരീക്ഷത്തിലെത്തുന്നത് 1.32 ടൺ കാർബൺ ഡയോക്സൈഡ്

**കൊച്ചി:** ഇന്ത്യയുടെ സമുദ്രമത്സ്യമേഖലയിൽ നിന്നുള്ള കാർബൺ നിർഗമനം ആഗോളതലത്തിലുള്ളതിനേക്കാൾ വളരെ കുറവാണെന്ന് പഠനം. കടലിൽ നിന്നും ഒരു ടൺ മീൻ ഉൽപാദിപ്പിക്കുന്നതിന് 1.32 ടൺ കാർബൺ ഡയോക്സൈഡാണ് ഇന്ത്യ പുറത്തുവിടുന്നതെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ആഗോളതലത്തിൽ ഇത് രണ്ട് ടണ്ണിൽ കൂടുതലാണ്. മീൻപിടുത്തത്തിനായുള്ള മുന്നൊരുക്കം മുതൽ മത്സ്യം വിപണിയിലെത്തുന്നത് വരെയുള്ള പ്രവൃത്തികളിലൂടെ അന്തരീക്ഷത്തിലെത്തുന്ന കാർബൺ വാതകങ്ങളുടെ കണക്കാണിത്.കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐ നടത്തുന്ന നിർണായക പഠനമാണിത്. ആഗോള തലത്തിലുള്ളതിനേക്കാൾ 16.3 ശതമാനം കുറവാണ് ദേശീയതലത്തിൽ ഇന്ത്യയിലെ യന്ത്രവൽകൃത മത്സ്യബന്ധനത്തിൽ നിന്നുള്ള കാർബൺ നിർഗമനമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ കുറയ്ക്കുന്നതിനായി ദേശീയ കാർഷിക ഗവേഷണ കേന്ദ്രം (ഐസിഎആർ) നടപ്പിലാക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങൾ പങ്കാളികളായ നാഷണൽ ഇന്നൊവേഷൻസ് ഇൻ ക്ലൈമറ്റ് റെസിലിയന്റ് അഗ്രികൾച്ചർ (നിക്ര) ഗവേഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി സിഎംഎഫ്ആർഐയിൽ ചേർന്ന അവലോകന യോഗത്തിലാണ് സിഎംഎഫ്ആർഐ ഈ കണക്കുകൾ അവതരിപ്പിച്ചത്.രാജ്യത്തെ എല്ലാ തീരദേശസംസ്ഥാനങ്ങളിലെയും തിരഞ്ഞെടുത്ത മത്സ്യബന്ധന കേന്ദ്രങ്ങളിൽ സമുദ്രമത്സ്യോൽപാദനത്തിന്റെ ഭാഗമായി വർത്തിക്കുന്ന എല്ലാ മേഖലകളെയും ഉൾപ്പെടുത്തിയാണ് സിഎംഎഫ്ആർഐ പഠനം നടത്തിയത്.കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ മേഖലകളിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികൾ കുറയ്ക്കുന്നതിനും ബദൽമാർഗങ്ങൾ ആരായുന്നതിനുമായാണ് നിക്ര ഗവേഷണ പദ്ധതിക്ക് ഐസിഎആർ തുടക്കമിട്ടത്. ഇതിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട സിഎംഎഫ്ആർഐ ഉൾപ്പെടെയുള്ള അഞ്ച് ഗവേഷണ സ്ഥാപനങ്ങളും രണ്ട് സർവകലാശാലകളും നടത്തുന്ന പഠനത്തിന്റെ അവലോകന യോഗമാണ് സിഎംഎഫ്ആർഐയിൽ നടന്നത്.ചുഴലിക്കാറ്റിന്റെ തീവ്രതയിലുള്ള വർധനവ്, സമുദ്രനിരപ്പ് ഉയരൽ, സമുദ്രോപരിതല ഊഷ്മാവിന്റെ വർധനവ് തുടങ്ങിയ പ്രതിഭാസങ്ങൾ സമുദ്ര ആവാസവ്യവസ്ഥയിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കുന്നുണ്ടെന്ന് സിഎംഎഫ്ആർഐയുടെ പഠനപ്രവർത്തനങ്ങൾ അവതരിപ്പിച്ച ഡോ ഗ്രിൻസൻ ജോർജ് പറഞ്ഞു. പല മത്സ്യങ്ങളും കുറയാനും പുതിയ ചിലയിനങ്ങൾ വൻ തോതിൽ കൂടുന്നതിനും ഇത് കാരണമായിട്ടുണ്ട്.തീരദേശ കെടുതികൾചുഴലിക്കാറ്റ് സാധ്യത, പ്രളയ സാധ്യത, കടൽതീരങ്ങളിലുണ്ടാകുന്ന മാറ്റം, ഉഷ്ണ തരംഗം, സമുദ്രനിരപ്പ് ഉയരൽ എന്നിവ തീരദേശമേഖലയിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രധാന വിപത്തുകളായി സിഎംഎഫ്ആർഐ കണ്ടെത്തിയിട്ടുണ്ട്. ഇവ ഉൾപ്പെടെ ഇന്ത്യയിലെ എല്ലാ തീരദേശജില്ലകളിലെയും കാലാവസ്ഥാകെടുതികൾ കൃത്യമായി അടയാളപ്പെടുത്തുന്ന സമഗ്ര ഭൂപടം തയ്യാറാക്കിവരികയാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി മത്സ്യ വിപണന ശൃംഖലയിൽ വന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ സീഫുഡ് വിപണനവുമായി ബന്ധപ്പെട്ട് നയപരമായ ഉപദേശം നൽകുന്നതിനും പുതിയ മത്സ്യയിനങ്ങളെകുറിച്ച് ഉപഭോക്താക്കളെ ബോധവൽകരിക്കുന്നതിനും സിഎംഎഫ്ആർഐക്ക് പദ്ധതിയുണ്ട്. ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ എസ് കെ ചൗധരി അധ്യക്ഷത വഹിച്ചു. ചൂട് വർധിക്കുന്നതും ഉഷ്ണതരംഗവും ഭൂഗർഭ ജലലഭ്യതയെ ബാധിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അമിതമായി ഭൂഗർഭജലത്തെ ആശ്രയിക്കുന്നത് മണ്ണിൽ ഉപ്പിന്റെ സാന്നിധ്യം കൂടാൻ കാരണമാകുന്നു. കാർഷിക വൃത്തി പോലെയുള്ള ഭക്ഷ്യോൽപാദന മേഖലയെ ഇത് ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.നിക്ര ഗവേഷണ പദ്ധതി നടപ്പിലാക്കുന്ന രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ ഗവേഷണ സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും ശാസ്ത്രജ്ഞർ പഠനത്തിലെ കണ്ടെത്തലുകൾ അവതരിപ്പിച്ചു.നിക്ര വിദഗ്ധ സമിതി അധ്യക്ഷൻ ഡോ ബി വെങ്കടേശ്വരുലു, അംഗം ഡോ കെ കെ വാസ്, ഡോ വി കെ സിംഗ്, ഡോ എം പ്രഭാകർ എന്നിവർ സംസാരിച്ചു.




# ബ്രഹ്മപുരം:ഫയർഫോഴ്സ്,സന്നദ്ധ പ്രവർത്തകർക്ക് മൊബൈൽ ക്ലിനിക്കുമായി ആസ്റ്റർ

**കൊച്ചി :** ബ്രഹ്മപുരത്ത് തീ അണയ്ക്കുവാൻ ഏർപ്പെട്ടിരിക്കുന്ന അഗ്നിശമനസേനാ പ്രവർത്തകർക്കും മറ്റ് സന്നദ്ധ പ്രവർത്തകർക്കുമായി മുഴുവൻ സമയ ആരോഗ്യ സേവനങ്ങൾ ഒരുക്കി ആസ്റ്റർ പീസ് വാലി മൊബൈൽ ക്ലിനിക്ക് . കേരളത്തിലുടനീളമുള്ള വിവിധ ആസ്റ്റർ ഹോസ്പിറ്റലുകളിലെ പൾമനോളജിസ്റ്റുകളുടെ ടെലി കൺസൾട്ടേഷൻ സേവനവും, റെസ്പിറേറ്ററി തെറാപ്പിസ്റ്റുകളുടെ മുഴുവൻ സമയ സേവനവും ബ്രഹ്മപുരത്ത് ലഭ്യമാക്കും. ഇതോടൊപ്പം മുഴുവൻ സമയ പൾമനറി ഫങ്ഷണൽ ടെസ്റ്റുകൾ (പി.എഫ് ടി ) നടത്തുവാനുള്ള സൗകര്യവും മൊബൈൽ ക്ലിനിക്കിലൂടെ ആസ്റ്റർ ഹോസ്പിറ്റൽസ് ബ്രഹ്മപുരത്ത് നടപ്പിലാക്കും.ആസ്റ്റർ ഡി എം ഹെൽത്ത് കെയറിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ചെയർമാൻ ആസാദ് മൂപ്പന്റെ നിർദ്ദേശപ്രകാരമാണ് ഇത്തരം ഒരു ഉദ്യമവുമായി ആസ്റ്റർ ഹോസ്പിറ്റൽസ് മുന്നോട്ട് വന്നത്. സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി, ജില്ലാ കളക്ടർ, എന്നിവരുടെ നിർദ്ദേശാനുസാരണമായിരിക്കും വിവിധ ആരോഗ്യ സേവനങ്ങൾ നടപ്പിലാക്കുന്നത് ആസ്റ്റർ ഡി എം ഹെൽത്ത് കെയറിന്റെ സന്നദ്ധസംഘടനയായ ആസ്റ്റർ വോളന്റിയേഴ്സിന്റെ സഹകരണത്തോടെയാണ് ആരോഗ്യ സുരക്ഷാ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നത് . ഇതിനോടകം 2000 മാസ്ക്കുകൾ ആസ്റ്റർ മെഡ്സിറ്റിയിടെ നേതൃത്വത്തിൽ ബ്രഹ്മപുരത്ത് വിതരണം ചെയ്തിട്ടു. ആസ്റ്റർ മെഡ്സിറ്റി അത്യാഹിതവിഭാത്തിലെ വിവിധ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും സേവനങ്ങളും ബ്രഹ്മപുരത്ത് ലഭ്യമായിരിക്കും.അനിതരസാധാരണമായ അവസ്ഥയിലൂടെയാണ് നമ്മുടെ നാട് കടന്നുപോകുന്നതെന്നും സർക്കാരുമായി സഹകരിച്ച് ഇത്തരത്തിൽ ഒരു സാമൂഹ്യ ഉദ്യമം നടപ്പിലാക്കുവാൻ സാധിക്കുന്നത് വലിയ ഉത്തരവാദിത്ത്വമാണെന്നും ആസ്റ്റർ ഹോസ്പിറ്റൽസ് കേരളാ ആൻഡ് തമിഴ്നാട് റീജ്യണൽ ഡയറക്ടർ ഫർഹാൻ യാസിൻ പറഞ്ഞു.അഗ്നിശമനസേനയുടെയും സന്നദ്ധപ്രവർത്തകരുടെയും രാപ്പകൽ നീ പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ആസ്റ്റർ ഹോസ്പിറ്റൽസിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായാണ് ഇത്തരം ഒരു കർത്തവ്യവുമായി ഞങ്ങൾ മുന്നോട്ട് വരുന്നത്. അടിയന്തര ചികിത്സ ആവശ്യമുള്ള അഗ്നിശമനസേന പ്രവർത്തകർക്കും സന്നദ്ധ പ്രവർത്തകർക്കും 24 മണിക്കൂറും എല്ലാവിധ ചികിത്സാ സേവനവും ആസ്റ്റർ മെഡ്സിറ്റി ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.




## ജില്ലാ വിജിലൻസ് കമ്മിറ്റി യോഗം ചൊവ്വാഴ്ച

**കൊച്ചി:** ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ വിജിലൻസ് കമ്മിറ്റി യോഗം ഇന്ന് വൈകുന്നേരം മൂന്നിന് കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.പൊതുജനങ്ങൾക്ക് ജില്ലയിലെ പൊതുസേവകരുടെ അഴിമതി സംബന്ധമായ പരാതികൾ കമ്മിറ്റിയിൽ രേഖാമൂലം ബോധിപ്പിക്കാം. സർക്കാർ വകുപ്പുകളെ അഴിമതി വിമുക്തമാക്കുന്നതിനും പൊതുജനങ്ങൾക്ക് സർക്കാരിൽ നിന്നും കാര്യക്ഷമമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും കേരള സർക്കാർ ആസൂത്രണം ചെയ്ത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന നടപ്പാക്കി വന്നിരുന്നതാണ് യോഗം.

## കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി, ഡി.റ്റി.പി. എന്നീ കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം ആരംഭിക്കുന്നു. 18 നും 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.
അടിസ്ഥാനയോഗ്യത പ്ലസ് 2 ഡി.റ്റി.പി. കോഴ്സിന് ഡാറ്റാ എൻട്രിയോ, ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉയിരിക്കണം. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. ക്ലാസ്സിൽ ചേരാൻ താൽപര്യമുള്ളവർ ജാതി, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മാർച്ച് 27 ന് മുമ്പ് ഈ ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്.

## കംപ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ എൽ. ബി. എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി മേഖലാ കേന്ദ്രത്തിൽ 'ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ് വെയർ )', 'ടാലി', 'ഡാറ്റാ എൻട്രി ആന്റ് ഓഫീസ് ഓട്ടോമേഷൻ' എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു എൽ. ബി. എസ് സെന്റർ ഡയറക്ടറുടെ **www.lbscetnre.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി, പട്ടികവർഗ്ഗം മററു അർഹതപ്പെട്ട സമുദായങ്ങളിൽ പെടുന്ന വിദ്യാർത്ഥികൾക്ക് നിയമാനുസൃത ഫീസാനുകൂല്യം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9447211055, 0484 2541520

# സംരംഭകരുടെ ഒത്തുചേരലായി മെഷിനറി എക്സ്പോ

**കൊച്ചി:** വ്യവസായ മേഖലയിൽ കുതിച്ചുച്ചാട്ടം നടത്തുന്ന കേരളത്തിൽ സംരംഭകർക്ക് പിന്തുണ നൽകുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച അഞ്ചാമത് മെഷിനറി എക്സ്പോയ്ക്ക് മികച്ച പ്രതികരണം. സംരംഭകർക്കും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും യന്ത്രങ്ങളെ അടുത്തറിയുന്നതിനായി സംഘടിപ്പിച്ച യന്ത്ര പ്രദർശന മേള പുതിയ ദിശാബോധം നൽകുന്നതായി. എറണാകുളം കലൂർ ജവഹർലാൽ നെഹ്റു ഇൻറർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ നടക്കുന്ന മെഷിനറി എക്സ്പോ മൂന്ന് ദിവസത്തിനിടെ പതിനയ്യായിരത്തിലധികം പേരാണ് സന്ദർശിച്ചത്. വിവിധ ജില്ലകളിൽ നിന്നും സംരംഭക കൂട്ടായ്മകളും വിദ്യാർത്ഥികളും ഉൾപ്പെടെയുള്ളവർ മേളയിൽ എത്തി.165ലധികം സ്റ്റോളുകളിലായി അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ നിന്നുമുള്ള യന്ത്രനിർമ്മാതാക്കളാണ് എക്സ്പോയിൽ പങ്കെടുക്കുന്നത്. ആഗ്രോ, അപ്പാരൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ജനറൽ എൻജിനീയറിങ്, പാക്കേജിങ്, പ്രിന്റിങ് ആൻഡ് ത്രീഡി പ്രിൻറിംഗ് മേഖലകളിൽ നിന്നുള്ള 97 യന്ത്രനിർമ്മാതാക്കളും 11 സാങ്കേതിക സ്ഥാപനങ്ങളുമാണ് എക്സ്പോയിൽ പങ്കെടുക്കുന്നത്. മാലിന്യ സംസ്കരണം, ഈ മൊബിലിറ്റി മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ ടെക്നോളജി മെഷീനുകൾ, അതിനൂതന പ്രോസസിംഗ് പാക്കേജിങ് മെഷീനുകൾ എന്നിവയും മേളയിലുണ്ട്. മേളയിൽ എത്തുന്ന ഓരോരുത്തർക്കും പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി തൽസമയ ഡെമോയും ഒരുക്കിയിട്ടുണ്ട്. സംരംഭകർക്ക് അവരുടെ സ്ഥാപനത്തിൻറെ ആവശ്യകതയനുസരിച്ച് യന്ത്രങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള അവസരമാണ് ഇതുവഴി ലഭിക്കുന്നത്. നിർമ്മാതാക്കളും സംരംഭകരും തമ്മിലുള്ള അകലം കുറയ്ക്കുകയും സംശയങ്ങളെല്ലാം ദൂരീകരിച്ച് യന്ത്രങ്ങൾ തിരഞ്ഞെടുക്കാവുന്ന അസുലഭ അവസരമാണ് മിഷനറി എക്സ്പോ നൽകുന്നത്. വിവിധ മേഖലയിലുള്ള യന്ത്ര നിർമ്മാതാക്കൾ ഒരു കുടക്കീഴിൽ ഒരുമിക്കുന്നു എന്നതും മിഷനറി എക്സ്പോയുടെ പ്രത്യേകതയാണ്. സംരംഭക വർഷത്തിന്റെ ഭാഗമായി നിരവധി പേർ സംരംഭകത്വ മേഖലയിൽ പുതുതായി കടന്നു വന്നിട്ടുണ്ട്. തുടക്കക്കാരായ സംരംഭകരെ സംബന്ധിച്ചിടത്തോളം ആശങ്കകൾ ഏതുമില്ലാതെ ബിസിനസ് തുടങ്ങുന്നതിനുള്ള ആത്മവിശ്വാസമാണ് മിഷനറി എക്സ്പോ നൽകുന്നത്. നേരത്തെ സംരംഭങ്ങൾ തുടങ്ങി മുന്നോട്ടുപോകുന്നവർക്ക് പുതിയ സാങ്കേതിക വിദ്യകൾ അടുത്തറിഞ്ഞ സ്ഥാപനം ആധുനികവൽക്കരിക്കാൻ ഉള്ള അവസരവും മെഷിനറി എക്സ്പോ നൽകി. സംരംഭക സൗഹൃദം ആകുന്ന കേരളം ഓരോ വീട്ടിലും ഒരു സംരംഭകൻ എന്ന ലക്ഷ്യം മുൻനിർത്തി സജീവമായ ഇടപെടലാണ് നടത്തുന്നത്. ഓരോ സംരംഭകരെയും ചേർത്തുനിർത്തി പുതിയ ജീവിതത്തിലേക്ക് കൈ പിടിച്ചു ഉയർത്തുകയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. ഒരു സംരംഭകൻ ബിസിനസിൽ വിജയിക്കുമ്പോൾ ഒരു കുടുംബവും സമൂഹവും ആണ് വിജയിക്കുന്നത്. ഈ വലിയ ലക്ഷ്യത്തിന് ഊർജ്ജവും കരുത്തും പകരുന്നതായി കേരളത്തിൻറെ വ്യാവസായിക തലസ്ഥാനമായ എറണാകുളത്ത് നടക്കുന്ന മെഷിനറി എക്സ്പോ.



# നോക്കിയ സി12 അവതരിപ്പിച്ചു



**കൊച്ചി:** നോക്കിയ ഫോണുകളുടെ നിർമാതാക്കളായ എച്ച്എംഡി ഗ്ലോബൽ ഏറ്റവും പുതിയ ബജറ്റ് സ്മാർട്ട്ഫോൺ നോക്കിയ സി12 ഇന്ത്യയിൽ അവതരിപ്പിച്ചു. മികച്ച സുരക്ഷയും ഈടും നൽകുന്ന ഫോണിന് 6.3 ഇഞ്ച് എച്ച്ഡി പ്ലസ് ഡിസ്പ്ലേയാണുള്ളത്. 8എംപി മുൻ ക്യാമറ, 5എംപി പിൻ ക്യാമറയിൽ നൈറ്റ്, പോർട്രെയിറ്റ് മോഡുകളിൽ കൂടുതൽ മികച്ച ഇമേജിങ് അനുഭവം ലഭിക്കുമെന്ന് ച്ച്എംഡി ഗ്ലോബൽ ഇന്ത്യ, മിഡിൽ ഈസ്റ്റ് ആൻഡ് നോർത്ത് ആഫ്രിക്ക വൈസ് പ്രസിഡൻറ് സൻമീത് സിങ് കൊച്ചാർ പറഞ്ഞു.ഒക്ടാ കോർ പ്രോസസർ അടിസ്ഥാനമാക്കിയ ഫോണിൽ മെമ്മറി എക്സ്റ്റൻഷൻ ഉപയോഗിച്ച് 2ജിബി അധിക വെർച്വൽ റാം നൽകുന്നു. വർധിച്ചുവരുന്ന സൈബർ ഭീഷണികളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനായി രണ്ട് വർഷത്തെ സുരക്ഷാ അപ്ഡേറ്റുകളും സി സീരീസ് ഉറപ്പാക്കുന്നു.തങ്ങളുടെ സി സീരീസ് പോർട്ട്ഫോളിയോയിലെ മറ്റൊരു മികച്ച സ്മാർട്ട്ഫോണായ നോക്കിയ സി12 കുറഞ്ഞ നിരക്കിൽ ഈടും, മികച്ച പ്രകടനവും ഉറപ്പുനൽകുന്നുവെന്നും സൻമീത് സിങ് കൊച്ചാർ പറഞ്ഞു.2/64 ജിബി (2ജിബി മെമ്മറി എക്സ്റ്റൻഷൻ) സ്റ്റോറേജ് കോൺഫിഗറേഷനിൽ (256 ജിബി വരെ അധിക മെമ്മറി) എത്തുന്ന നോക്കിയ സി12 ഡാർക്ക് സിയാൻ, ചാർക്കോൾ, ലൈറ്റ് മിൻറ് നിറങ്ങളിൽ ആമസോൺ ഇന്ത്യയിൽ മാത്രം ലഭ്യമാണ്. നോക്കിയ സി12 മാർച്ച് 17 മുതൽ കുറച്ച് നാളത്തേക്കുള്ള അവതരണ വിലയായ 5999 രൂപയ്ക്ക് വിൽപ്പന ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# മണപ്പുറം ഫിനാൻസ് ഡിജിറ്റൽ സർവകലാശാലയുമായി കൈകോർക്കുന്നു



**കൊച്ചി :** നൂതന സാങ്കേതികവിദ്യകളിൽ നൈപുണ്യ പരിശീലനത്തിനും സാങ്കേതികവിദ്യാ സഹകരണത്തിനും മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ഡിജിറ്റൽ സർവകലാശാലയുമായി (ഉശഴശമേഹ ഡിശ്ലൃശ്യെ ഗല്യമഹമ )ധാരണയിലെത്തി. മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി. പി. നന്ദകുമാറും ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥും ഇതു സംബന്ധിച്ച കരാർ ഒപ്പുവച്ചു. ഇതുപ്രകാരം മണപ്പുറം ജീവനക്കാർക്കായി ഡിജിറ്റൽ സർവകലാശാല പ്രത്യേക കോഴ്സുകൾ രൂപകൽപ്പന ചെയ്തു നൽകും. ബ്ലോക്ക്ചെയ്ൻ അടക്കമുള്ള പുതിയ സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും സർവകലാശാല മണപ്പുറം ഫിനാൻസിന് പ1ന്തുണ നൽകും. ഡിജിറ്റൽ സർവകലാശാല നൽകുന്ന കസ്റ്റമൈസ്ഡ് കോഴ്സുകളിലൂടെ മണപ്പുറം ഫിനാൻസ് ജീവനക്കാരുടെ ശേഷി വർധനവും നൈപുണ്യ പരിശീലനവുമാണ് ലക്ഷ്യമിടുന്നത്.ഈ പങ്കാളിത്തം ആധുനിക സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയുള്ള പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും ജീവനക്കാരുടെ ഡിജിറ്റൽ ശേഷികൾ വർധിപ്പിക്കുന്നതിനും ഞങ്ങളെ സഹായിക്കും. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ബിസിനസ്സ് പരിസ്ഥിതിയിൽ മത്സരാധിഷ്ഠിതവും പ്രസക്തവുമായി തുടരാൻ സ്ഥാപനങ്ങളെ സഹായിക്കുന്നതിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യവും നിർണായക പങ്കുമുണ്ട്,' മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി.പി.നന്ദകുമാർ പറഞ്ഞു.

# റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന്റെ ആദ്യ വനിതാ ടീമുമായി മിയ ബൈ തനിഷ്ക് സഹകരിക്കും

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും ഫാഷനബിൾ ഫൈൻ ജുവല്ലറി ബ്രാൻഡുകളിലൊന്നായ മിയ ബൈ തന1ിഷ്ക് ക്രിക്കറ്റ് ഫ്രാഞ്ചൈസിയായ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന്റെ ആദ്യ പൂർണ വനിതാ ടീമുമായി പ്രിൻസിപ്പൽ സ്പോൺസർ എന്ന നിലയിൽ സഹകരിക്കുമെന്ന് മിയ ബൈ തനിഷ്ക് ബിസിനസ് മേധാവി ശ്യാമള രമണൻ പറഞ്ഞു. കഴിഞ്ഞ സീസണിൽ ഇന്ത്യൻ ഒളിമ്പിക് വനിതാ അത്ലിറ്റുകളുമായി വിജയകരമായി സഹകരിച്ച മിയ ബൈ തനിഷ്ക് ഓരോ ഇന്ത്യക്കാരുടേയും ഹൃദയത്തിലുള്ള കായിക രംഗമായ ക്രിക്കറ്റിൽ വനിതകളെ പ്രോൽസാഹിപ്പിക്കുന്നതിലൂടെ തങ്ങളുടെ ദീർഘകാല പ്രതിബദ്ധതയുമായി മുന്നോട്ടു പോകുകയാണ്. വലിയ ആവേശകരമായ ഒരു സംഭവമാണ് ആർസിബി വനിതാ ടീമുമായുള്ള തങ്ങളുടെ സഹകരണമെന്ന്ശ്യാമള രമണൻ പറഞ്ഞു. നേട്ടങ്ങൾ കൊയ്യുന്ന ആധുനീക വനിതയെ മിയ ആഘോഷിക്കുകയാണ്. അവൾ തികച്ചും സ്വതന്ത്രരും തങ്ങളുടെ തെരഞ്ഞെടുപ്പുകളെ കുറിച്ച് ഖേദമില്ലാത്തവരും ആത്മവിശ്വാസം പ്രകടിപ്പിക്കുന്നവളുമാണ്. അതിനു പുറമെ എല്ലാവരുടേയും ജീവിതം പ്രകാശ പൂർണമാക്കുകയും ചെയ്യുന്നു. എല്ലാ വനിതാ കളിക്കാരും സ്വതന്ത്രരും സ്വപ്നങ്ങൾ കാണുന്നവരും നേട്ടങ്ങൾ കൊയ്യുന്നവരും സ്വയം പ്രകടിപ്പിക്കുന്നവരും ആണെന്നും ശ്യാമള രമണൻ പറഞ്ഞു. ഡബ്ല്യുപിഎൽ ഫ്രാഞ്ചൈസിയുമായി ബന്ധപ്പെട്ട തങ്ങളുടെ കാഴ്ചപ്പാടിനോട് കൃത്യമായി യോജിച്ചു പോകുന്ന മിയ ബൈ തനിഷ്ക് ബ്രാൻഡുമായി സഹകരിക്കുന്നതിൽ ആർസിബിക്ക് ആവേശമുണ്ടെന്ന് ആർസിബി മേധാവിയും വൈസ് പ്രസിഡൻറുമായ രാജേഷ് മേനോൻ പറഞ്ഞു.ടീം അംഗങ്ങളുടെ സജീവമായ വ്യക്തിത്വവും വൈവിധ്യവും കാത്തു സൂക്ഷിച്ചു കൊണ്ട് ആവേശകരമായൊരു ഷോർട്ട് ഫിലിമും ബ്രാൻഡ് അവതരിപ്പിക്കുന്നുണ്ട്.



# കൊച്ചിയിൽ പ്രവർത്തനം വിപുലപ്പെടുത്താൻ ഐ.ബി.എം; പൂർണ്ണ പിന്തുണയെന്ന് മന്ത്രി പി.രാജീവ്

**കൊച്ചി:** ഐബിഎം ലാബിന്റെ പ്രവർത്തനം കൊച്ചിയിൽ ആരംഭിച്ച് 8 മാസത്തിനുള്ളിൽ 750 പേരെ പുതുതായി നിയമിച്ചതായി ഐബിഎം സീനിയർ വൈസ് പ്രസിഡന്റ് ദിനേശ് നിർമൽ. വ്യവസായ മന്ത്രി പി രാജീവുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ദിനേശ് നിർമ്മൽ ഇക്കാര്യം വ്യക്തമാക്കിയത്. കേരളത്തിൽ പ്രവർത്തനം വിപുലീകരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും പൂർണസഹകരണം ലഭ്യമാക്കുമെന്ന് മന്ത്രി പി.രാജീവ് അറിയിച്ചു. കേരളത്തിലെ പ്രവർത്തനാന്തരീക്ഷത്തിൽ പൂർണ തൃപ്തരാണെന്ന് ഐബിഎം മന്ത്രിയെ അറിയിച്ചു. കേരളത്തിലെ ക്യാമ്പസുകളിൽ നിന്നുതന്നെ ഐബിഎമ്മിന് ആവശ്യമായ നൈപുണ്യമുള്ള വിദ്യാർഥികളെ ലഭിക്കുന്നുണ്ട്.പ്രധാനപ്പെട്ട നിരവധി പ്രോജക്ടുകൾ കേരളത്തിലെ ഐബിഎം യൂണിറ്റ് വഴിയാണ് നടപ്പിലാക്കുന്നത്. ഇത് ഭാവിയിൽ ലോകത്തിലെ തന്നെ ഐബിഎമ്മിന്റെ പ്രധാന സെന്ററായി കേരളം മാറുന്നതിന് വഴിയൊരുക്കുമെന്ന് ദിനേശ് നിർമ്മൽ വ്യക്തമാക്കി. ഇത്രയും പ്രധാനപ്പെട്ട കമ്പനിയുടെ സുപ്രധാന നേതൃ സ്ഥാനത്ത് ഒരു മലയാളിയാണെന്നതിലുള്ള സന്തോഷം മന്ത്രി പി രാജീവ് ദിനേശ് നിർമ്മലുമായി പങ്കുവെച്ചു. കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ സ്കിൽ ഡവലപ്മെന്റ് പരിശീലനം നൽകാനുള്ള സന്നദ്ധത ഐബിഎം അറിയിച്ചിട്ടുണ്ട്. കൊച്ചി സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല,



ഡിജിറ്റൽ സർവ്വകലാശാല എന്നീ സർവകലാശാലകളുമായും കൂടുതൽ സഹകരിച്ച് പ്രവർത്തിക്കാൻ ഐബിഎം പദ്ധതി തയ്യാറാക്കുന്നുണ്ട്.ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ഐടി കമ്പനികളിൽ ഒന്നായ ഐബിഎം 2022 സെപ്തംബറിലാണ് പുതിയ ഡെവലപ്മെന്റ് സെന്റർ കൊച്ചിയിൽ ആരംഭിച്ചത്. ഹൈബ്രിഡ് ക്ളൗഡ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യകളെ കൂടുതൽ മികവിലേയ്ക്ക് നയിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് പുതിയ സെന്ററിൽ നടന്നുവരുന്നത്. ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകളുപയോഗിച്ച് ഡാറ്റ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സെക്യൂരിറ്റി തുടങ്ങിയ മേഖലകളിൽ നൂതനമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഐബിഎമ്മിന്റെ പ്രശംസ സംസ്ഥാനത്തിന്റെ ഐടി/ഐടി അനുബന്ധ വ്യവസായ മേഖലയ്ക്ക് വലിയ കുതിപ്പു നൽകുമെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. കേരളത്തിലേക്ക് കൂടുതൽ കമ്പനികളെ ആകർഷിക്കുന്നതിനും ഐബിഎം പോലുള്ള കമ്പനികളുടെ സാന്നിധ്യം സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

## നിയുക്തി 2023 മെഗാ ജോബ് ഫെയർ

**കൊച്ചി:** എറണാകുളം മേഖലാതല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'നിയുക്തി 2023' മെഗാ ജോബ് ഫെയർ മാർച്ച് 25 രാവിലെ ഒമ്പതു മുതൽ കളമശ്ശേരി ഗവ.പോളിടെക്നിക്ക്വനിതാ പോളിടെക്നിക്ക് കോളേജുകളിലായി നടക്കും. ലുലു ഗ്രൂപ്പ്, ജയ് ഹിന്ദ് സ്റ്റീൽസ്, നിപ്പോൺ ടൊയോട്ട, ഗോകുലം മോട്ടോഴ്സ്, പ്രഭു സ്റ്റീൽസ്, നെസ്റ്റ് ഗ്രൂപ്പ്, എൽ ഐ സി, ഇ.വി.എം മോട്ടോഴ്സ്, മുത്തൂറ്റ് മൈക്രോഫിൻ, ഭീമ ജുവല്ലേഴ്സ്, ഏഷ്യാനെറ്റ്, കല്ല്യാൺ സിൽക്ക്സ്, റിലയൻസ് ജിയോ, റിലയൻസ്, ആസ്റ്റർ മെഡിസിറ്റി, പോപ്പുലർ, മണപ്പുറം, എയർടെൽ, ഇസാഫ്, ഇഞ്ചിയോൺ കിയ, ഇൻഡസ് മോട്ടോർസ്, ന്യൂഇയർ ഗ്രൂപ്പ്, ഫ്ലിപ്പ് കാർട്ട് തുടങ്ങിയ സ്വകാര്യമേഖലയിലെ പ്രമുഖരായ നൂറിലധികം സ്ഥാപനങ്ങളിലേയ്ക്കുള്ള അയ്യായിരത്തിലധികം ഒഴിവുകൾ ജോബ് ഫെയറിൽ ലഭ്യമാണ്.

ജോബ് ഫെയറിൽ പങ്കെടുക്കുന്നതിനായി ഉദ്യോഗാർത്ഥികൾ ០០០.ഷീയളലൈ.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ, പങ്കാളിത്തം എന്നിവ സൗജന്യമാണ്. ജോബ് ഫെയറിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ കാര്യങ്ങൾക്കായി എംപ്ലോയബിലിറ്റി സെന്ററിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 04842427494, 04842422452 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

# ഇന്ത്യൻ ഓയിലുമായി സഹകരിച്ച് ഇന്ധന ക്രെഡിറ്റ് കാർഡ് പുറത്തിറക്കി കൊടാക്ക്




**കൊച്ചി:** കൊടാക്ക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് (കെഎംബിഎൽ/കൊടാക്ക്) ഇന്ത്യൻ ഓയിലുമായി ചേർന്ന് സഹബ്രാൻഡഡ് ഇന്ധന ക്രെഡിറ്റ് കാർഡ് പുറത്തിറക്കി. മികച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന ഇന്ത്യൻഓയിൽ കൊടാക്ക് ക്രെഡിറ്റ് കാർഡ്, റുപേ നെറ്റ് വർക്കിലൂടേയാണ് എത്തുന്നത്. രാജ്യത്തെ ഏത് ഇന്ത്യൻഓയിൽ ഇന്ധന സ്റ്റേഷനുകളിൽ നിന്നും തങ്ങളുടെ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്ന ഇന്ത്യൻ ഓയിൽ കൊടാക്ക് ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കൾക്ക് റിവാർഡ് പോയന്റുകൾ ലഭിക്കും. ഈ റിവാർഡ് പോയന്റുകൾ ഇന്ത്യൻ ഓയിലിന്റെ ഇന്ധന സ്റ്റേഷനുകളിൽ നിന്നും സൗജന്യമായി ഇന്ധനം നിറയ്ക്കുവാൻ വേണ്ടി പണമാക്കി മാറ്റി ഉപയോഗിക്കാവുന്നതാണ്. രാജ്യത്ത് 34000ത്തിലധികം ഇന്ധന സ്റ്റേഷനുകളുടെ ശൃംഖലയുള്ള ഏറ്റവും വലിയ എണ്ണ വിപണന കമ്പനിയാണ് ഇന്ത്യൻഓയിൽ. ഇന്ത്യൻഓയിൽ ഇന്ധന സ്റ്റേഷനുകളിൽ നിന്നും ഇന്ധനം നിറയ്ക്കുന്നവർക്ക് 4% റിവാർഡ് പോയന്റുകളായി തിരികെ ലഭിക്കും പ്രതിമാസം 300 രൂപ വരെ, ഡൈനിങ്ങ്, ഗ്രോസറി തുടങ്ങിയ ചെലവാക്കലുകൾക്ക് 2% വരെ റിവാർഡ് പോയന്റുകൾ തിരികെ ലഭിക്കും പ്രതിമാസം 200 രൂപ വരെ,1% വരെ ഇന്ധന സർചാർജ്ജ് ഒഴിവാക്കി കൊടുക്കും പ്രതിമാസം 100 രൂപ വരെ,48 ദിവസം വരെയുള്ള പലിശ രഹിത ക്രെഡിറ്റ് കാലയളവ്,സ്മാർട്ട്ഇ എം ഐ,കാർഡ് നഷ്ടപ്പെട്ടാൽ ബാധ്യതകളൊന്നുമില്ല,കോണ്ടാക്റ്റ് ആവശ്യമില്ലാത്ത കാർഡ് ടാപ്പ് ചെയ്ത് പണം നൽകാം എന്നിങ്ങനെയാണ് ഇന്ത്യൻ ഓയിൽ കൊടാക്ക് ക്രെഡിറ്റ് കാർഡിന്റെ മുഖ്യ സവിശേഷതകൾ എന്ന് അധികൃതർ വ്യക്തമാക്കി.കൊടാക്ക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന്റെ കൺസ്യൂമർ അസറ്റ്സ് പ്രസിഡണ്ട് അംബുജ് ചാന്ദ്ന, കൊടാക്ക് മഹിന്ദ്ര ബാങ്ക് ലിമിറ്റഡിന്റെ ക്രെഡിറ്റ് കാർഡ്സ് ബിസിനസ് ഹെഡ്ഡായ ഫ്രെഡറിക് ഡിസൂസ, ഇന്ത്യൻ ഓയിലിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ (റീട്ടെയ് ൽ സെയിത്സ്നോർത്ത്, ഈസ്റ്റ്) വിഗ്യാൻ കുമാർ, നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസറായ പ്രവീണ റായ് എന്നിവർ ചേർന്നാണ് കാർഡ് പുറത്തിറക്കിയത്.

